LIBRARY ARCHIVES Kerala Legislative Assembly

ക്വാളിറ്റി കൺട്രോൾ ലാബുകളെ ISO/IEC 17025:2017 നിലവാരത്തിലേയ്ക്കുയർത്തി ദേശീയ അംഗീകാരമായ NABL അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്നു. ഇപ്രകാരം 2020-21-ൽ 8 ജില്ലാ ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചുകഴിഞ്ഞു. ജലജീവൻ മിഷൻ 2021-22 പദ്ധതിയിൽപ്പെടുത്തി 6 ജില്ലാ ലാബുകൾ, 32 സബ് ജില്ലാ ലാബുകൾ, ജല ശുദ്ധീകരണ ശാലകളിൽ പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത 37 ലാബുകൾ എന്നിവയുൾപ്പെടെ ആകെ 75 ലാബുകളെ ആധുനികവത്കരിച്ച് ഇവയ്ക്ക് എൻ.എ.ബി.എൽ.-ന്റെ അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സമ്പൂർണ്ണ കുടിവെള്ള ലഭ്യത

18 (*347) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u>
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഗ്രാമീണ, നഗര മേഖലകളിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2024-ഓടുകൂടി ജലജീവൻ മിഷൻ പദ്ധതി വഴി സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ കുടുംബങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ജലജീവൻ മിഷൻ (അർബൻ)/അമൃത് 2.0 പദ്ധതിയിലൂടെ സംസ്ഥാനത്തെ 93 നഗരങ്ങളിൽ 2026-ഓടുകൂടി സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ജലവിഭവ വകുപ്പ് സജ്ജമാക്കുന്ന കൺസ്യൂമർ പോർട്ടൽ വഴി എന്തെല്ലാം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്ന് വിശദമാക്കുമോ?

ഉപഭോക്തൃ ജല ഉപഭോഗ വിവരങ്ങൾ, വ്യക്തിഗതവും ലെഡ്ജർ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ, ജലവിതരണ പദ്ധതികളുൾപ്പെടെയുള്ള ഉപഭോക്തൃ പ്രൊഫൈൽ, ബിൽ പേമെന്റ് വിശദാംശങ്ങൾ, ഉപഭോക്തൃ വാട്ടർ മീറ്റർ റീഡിംഗ് ചേർക്കൽ, ഓൺലൈനായി പണമടയ്ക്കാനുള്ള ബിൽ പേമെന്റ് ഓപ്ഷൻ (Pay Now) തുടങ്ങിയവയാണ് കൺസ്യൂമർ പോർട്ടൽ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ.

സാംസ്കാരിക നയ രൂപീകരണം

19 (*348) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രാവബോധമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനനുയോജ്യമായ വിധത്തിൽ ഒരു സാംസ്കാരിക നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശാസ്ത്രീയവും പുരോഗമനപരവുമായ ആശയങ്ങളുടെ അടിസ്ഥാനത്തിൽ മാനവിക മൂല്യങ്ങളിലധിഷ്ഠിതമായ ഒരു സാംസ്കാരിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാംസ്കാരിക സംഘടനകളുടെ പേരിൽ നടത്തുന്ന പിന്തിരിപ്പൻ ആശയങ്ങളുടെ പ്രചാരണം നിഷ്ഫലമാക്കാൻ നടപടിയുണ്ടാകുമോ;

&

(സി) സാമൂഹിക ഐക്യത്തിന് പ്രാമുഖ്യം നൽകുന്ന തരത്തിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് മുൻകയ്യെടുക്കുമോ?

സാമൂഹിക ഐക്യവും മതനിരപേക്ഷതയും പുരോഗമനാശയങ്ങളും പരിപോഷിപ്പിക്കുന്നതിനുള്ള വിപുലമായ ഒരു സാംസ്കാരിക വിദ്യാഭ്യാസ പരിപാടി സാംസ്കാരികകാര്യ വകുപ്പ് തയ്യാറാക്കി വരികയാണ്. സ്ത്രീസമത്വം, സ്ത്രീസുരക്ഷ

LIBRARY ARCHIVES Kerala Legislative Assembly